# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3772 21.06.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷ മാനദണ്ഡങ്ങളെക്കുറിച്ച് റിപ്പോർട്ട്

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ്<br>,, എസ്.ശർമ്മ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷ മാനദണ്ഡങ്ങളെക്കുറിച്ചും സാങ്കേതിക നവീകരണത്തെക്കുറിച്ചും പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ടിക്കറ്റുകളിലെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 23.11.2016 ലെ G.O(RT)910/2016/TD നമ്പർ ഉത്തരവനുസരിച്ച് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ഡിസൈൻ ചെയ്യുന്നതിനായി C-DIT മായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലാബ് ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സ്ഥാപിച്ചു. കൂടാതെ 6 സുരക്ഷാ സംവിധാനങ്ങൾ ടിക്കറ്റുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി സുരക്ഷാ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) Guilloche pattern<br>2) Relief pattern<br>3) Opaque text pattern<br>4) Void pandograph pattern<br>5) Invert microline<br>6) Micro letters pattern |
| (ബി) | ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ആകർഷകമാക്കിയതിന്റെ ഫലമായി ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | 15.05.2017 ലെ സ.ഉ (ആർ.ടി) 389/17/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50/- രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കൂടി 30/- രൂപയാക്കി കുറച്ച് കൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30/- രൂപയാക്കി ഏകീകരിക്കുകയും, അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തികൊണ്ടും, സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിയും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ |

| | | | |
|---|---|---|---|
| | | | വരുത്തി പരിഷ്കരിച്ചിരുന്നു. എന്നാൽ 01.07.2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ജി എസ് റ്റി ഏർപ്പെടുത്തിയതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12% ജി എസ് റ്റി കൂടി ചേർത്ത് പരമാവധി വില്പനവില 30/- രൂപയാക്കി നിലനിർത്തികൊണ്ടും, 50% ന് മുകളിൽ സമ്മാനങ്ങൾ നല്കിയും 15.07.2017 ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ വീണ്ടും പരിഷ്കരിച്ചിരുന്നു. ഇതിനെ തുടർന്ന് ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിലെ റവന്യൂ കളക്ഷൻ 7394.90 കോടി രൂപയായിരുന്നു. എന്നാൽ 2017-18 ൽ അത് 9034.25 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br><br>കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വില്പനവില 30/- രൂപയിൽ നിന്ന് 40/- രൂപയാക്കി (മുഖവില 35.72 + 12% GST) വർദ്ധിപ്പിച്ചുകൊണ്ടും, മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വില്പന വില 30/- രൂപയാക്കി നിലനിർത്തികൊണ്ടും, ഡിസ്കൗണ്ടിൽ വ്യത്യാസം വരുത്താതെയും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 2018 മേയ് മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 2018 എപ്രിൽ മാസത്തെ റവന്യൂ കളക്ഷനെ അപേക്ഷിച്ച് മേയ് മാസത്തിൽ 65.41 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ